പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3013 — 18.06.2018-ൽ മറുപടിക്ക്

## ചെല്ലാനം മത്സ്യബന്ധന തുറമുഖം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ജോൺ ഫെർണാണ്ടസ്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | നബാർഡ് ധനസഹായ പദ്ധതിയിൽ 03.01.2018 ൽ 10.37 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ അനുബന്ധഘടകങ്ങളുടെ നിർമ്മാണപ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) | ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 10.37 കോടി രൂപയുടെ ഭരണാനുമതി നബാർഡ് XXIII സ്കീമിൽ അനുവദിച്ചിട്ടുണ്ട്. ഭരണാനുമതിയിൽ ഉൾപ്പെട്ട പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചു വരുന്നു. സ്ഥലം ലഭ്യമായാൽ ഉടനെ ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| (ബി) | നിർദ്ദിഷ്ട ഹാർബറിന്റെ സ്ഥലമെടുപ്പ് നടപടികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (ബി) & (സി) | സ്ഥലമെടുപ്പിനായി 13 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക ജില്ലാ കളക്ടർക്ക് കൈമാറുകയും സ്ഥലമെടുപ്പ് നടപടി ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പ് അധികമായി ആവശ്യപ്പെട്ട 4.5765 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാത പഠനം പൂർത്തിയാക്കിയിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതിനായി വിദഗ്ധ സമിതി രൂപീകരിച്ച് സ്ഥലമെടുപ്പിനുള്ള തുടർനടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നുണ്ട്. |
| (സി) | എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ